ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ചവറ നിയോജക മണ്ഡലത്തിൽ വൈദ്യുതി ഇല്ലാത്ത വീടുകളിൽ കെ.എം.എം.എൽ.-ന്റെ സഹായത്തോടെ വൈദ്യുതി എത്തിക്കുന്നതിന് നീണ്ടകര, ചവറ, തേവലക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലെ ജോലികൾക്ക് പി.പി.എസ്.റേറ്റിൽ അനുമതി നൽകിയിട്ടുണ്ട്. 13,96,910 രൂപയുടെ അനുമതി നൽകിയതിൽ നീണ്ടകര പഞ്ചായത്തിലെ 3,00,670 രൂപയുടെ പണിക്കുള്ള ചെക്ക് 29-6-2004-ൽ ചവറ സെക്ഷനാഫീസിൽ അടച്ചിട്ടുണ്ട്. ടി സെക്ഷനിലെ ജോലി മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്. ചവറ, തേവലക്കര പഞ്ചായത്തുകളിലെ ജോലികൾക്കായി അനുമതി നൽകിയ 10,96,240 രൂപയുടെ ജോലികൾക്ക് കെ.എം.എം.എൽ. പണം അടച്ചിട്ടില്ല.

ചവറ സെക്ഷന്റെ പരിധിയിൽ ഒ.വൈ.ഇ.സി. വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുള്ള 3,69,503 രൂപയുടെ മൂന്ന് ജോലികളിൽ ഒരു വർക്കിന്റെ 1,91,450 രൂപ അടയ്ക്കുകയും പണി തീർക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് രണ്ട് ജോലികളിൽ ഒരു ജോലിക്കായി 1,19,053 രൂപയുടെ ചെക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ചവറ ഇലക്ട്രിസിറ്റി സെക്ഷന്റെ പരിധിയിൽ വരുന്ന പൻമന പഞ്ചായത്തിലെ ലൈൻ എക്സ്റ്റൻഷൻ ജോലികൾക്കായി 6,89,310 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനുപുറമെ കരുനാഗപ്പള്ളി സൗത്ത് സെക്ഷന്റെ പരിധിയിൽ വരുന്ന പൻമന പഞ്ചായത്തിലെ 15 ലൈൻ എക്സ്റ്റൻഷൻ ജോലികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇതിൽ 3,07,625 രൂപയുടെ ജോലികൾ ഒ.വൈ.ഇ.സി. വ്യവസ്ഥയിൽ ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. ടി ജോലികൾക്കായി പണം അടച്ചിട്ടില്ല.

മഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ

191 [2684] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ഈ വർഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഗാർഹിക കണക്ഷനുകൾ, വ്യാവസായിക കണക്ഷനുകൾ, കാർഷിക കണക്ഷനുകൾ എന്നിവ എത്രവീതം നൽകി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി മണ്ഡലത്തിന് കീഴിൽ വിവിധ കാറ്റഗറികളിൽ 2003-04 വർഷത്തിലും 2004-05 വർഷത്തിൽ നാളിതുവരെയും കൊടുത്തിട്ടുള്ള കണക്ഷനുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

	2003-04	2004-05 (നാളിതുവരെ)
ഗാർഹികം	3663	793
വ്യാവസായികം	101	14
കാർഷികം	107	25

എസ്.എൻ.സി. ലാവലിൻ കമ്പനിയ്ക്ക് നൽകിയിരുന്ന വർക്കുകൾ

192 [2685] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ: സാവിത്രി ലക്ഷ്മണൻ:

ശ്രീ. എൻ. ശക്തൻ:

„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയ്ക്ക് എന്തെല്ലാം വർക്കുകൾ നൽകിയിരുന്നു;

(ബി) ഇവയുടെ ഓരോന്നിന്റെയും തുക എത്ര വീതമായിരുന്നു;

(സി) പ്രസ്തുത കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിരുന്നുവോ;

(ഡി) എങ്കിൽ ഏതെല്ലാം വർക്കുകളുടെ കൺസൾട്ടന്റായാണ് നിയമിച്ചത്;

(ഇ) അതിനുള്ള കൺസൾട്ടൻസി ഫീസായി എന്തുതുക കൊടുത്തു;

(എഫ്) അവർക്ക് എന്തെല്ലാം പ്രത്യേക സൗകര്യങ്ങളനുവദിച്ചു;

(ജി) അതിന് എന്ത് ചെലവ് വന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വകുപ്പിൽനിന്നും പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള കരാർ നൽകിയിരുന്നു.

(ബി) മൊത്തം 5,27,58,740 കനേഡിയൻ ഡോളർ.

(സി) ഉണ്ട്.

(ഡി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണവും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയും.

LIBRARY ARCHIVES Kerala Legislative Assembly